നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം:

## വിദ്യാർത്ഥികൾ സമർപ്പിച്ച നീറ്റ് ഫലം പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2017-18 അദ്ധ്യയന വർഷം കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ് ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ NEET (UG) 2017 ഫലം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ **2017** ജൂലൈ **8**–നകം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 51066 വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം ഓൺലൈനായി നീറ്റ് ഫലം സമർപ്പിച്ചിട്ടുണ്ട്.

നീറ്റ് ഫലം ഓൺലൈനായി സമർപ്പിച്ചപ്പോൾ ലഭ്യമായിരുന്ന '**NEET Result Submission Report**'-ന്റെ പ്രിന്റൗട്ട് എടുത്തിട്ടുള്ളവർ അതിൽ കാണിച്ചിട്ടുള്ള നീറ്റ് റോൾ നമ്പർ, നീറ്റ് റാങ്ക്, പെർസെന്റയിൽ സ്കോർ തുടങ്ങിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

നീറ്റ് ഫലം ഓൺലൈനായി സമർപ്പിച്ചപ്പോൾ '**NEET Result Submission Report**'-ന്റെ പ്രിന്റൗട്ട് എടുക്കാത്തവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM-2017 Candidate Portal'-** ലൂടെ ഹോം പേജിൽ പ്രവേശിച്ച് **'NEET Result Verification'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പ്രസ്തുത റിപ്പോർട്ട് ഡൗൺലോഡ് ചെയ്തെടുത്ത് അതിൽ കാണിച്ചിട്ടുള്ള നീറ്റ് റോൾ നമ്പർ, നീറ്റ് റാങ്ക്, പെർസെന്റയിൽ സ്കോർ തുടങ്ങിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഈ സൗകര്യം **2017** ജൂലൈ **12** വൈകുന്നേരം **5** മണി വരെ മേൽ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

വെബ്സൈറ്റിലൂടെ സമർപ്പിച്ച വിവരങ്ങളും യഥാർത്ഥ ഫലവും തമ്മിൽ അന്തരം ഉള്ളവർ പ്രസ്തുത വിവരം **12.07.2017** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറെ ഇ–മെയിൽ (*ceekinfo@cee.kerala.gov.in*) മുഖാന്തിരം അറിയിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.07.2017